# ജ്യോതിസ്സ്

## ഡിജിറ്റൽ മാസിക



ഗവ.വി.എച്ച്.എസ്.എസ്. തിരുമാറാടി

# ആമുഖം

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വിവരവിനിമയ സാങ്കേതിക വിദ്യയുടെ വിസ്മയലോകത്തേക്കും അതിലധിഷ്ഠിതമായ പുത്തൻ പഠനാനുഭവങ്ങളിലേക്കും കുട്ടികളെകൈപിടിച്ചുയർത്തുകയാണ് ലിറ്റിൽ കൈറ്റ്സ് എന്ന പാഠ്യപദ്ധ്യതി. ഒൻപതാം ക്ലാസ്സിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചേർന്ന് തയ്യാറാക്കിയ ഈ മാഗസീൻ ലിറ്റിൽ കൈറ്റ്സ് പഠനത്തിലൂടെ നല്ല രീതിയിൽ തയ്യാറാക്കാൻ കഴിഞ്ഞു എന്ന വിശ്വാസത്തോടെ നിങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുന്നു. സ്വീകരിച്ചാലും..........



little KITEs

GOVERNMENT OF KERALA
DEPARTMENT OF GENERAL EDUCATION

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION [KITE]

# Certificate of Registration

REGISTRATION No. LK/2018/28031

*This is to certify and grant approval to*

28031 - Govt. V H S S Thirumarady, Muvattupuzha (DEO)

*of* Ernakulam *District as a unit of* LITTLE KITEs.

Office Seal

ANVAR SADATH. K
Vice Chairman & Executive Director

# ആശംസകൾ................................

അതിരുകളില്ലാത്ത അറിവിന്റെ ലോകത്തേക്ക് കുട്ടികളെ നയിക്കുന്നതിനുള്ള ഒരു തുടക്കമാണ് സാങ്കേതികവിദ്യയോടെ തയാറാക്കിയ ഈ മാസിക. വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ ലോകമറിയുന്ന പ്രതിഭകൾ ലിറ്റിൽ കൈറ്റ്സിലൂടെ ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.......



ശ്രീമതി. എം. എ. ഗിരിജ
ഹെഡ്മിസ്ട്രസ്

## ആശംസകൾ......................

അറിവിന്റെ പുത്തൻ വാതായനങ്ങൾ പുതുതലമുറക്കായി തുറന്നു നൽകുന്ന വേദിയാണ് ലിറ്റിൽ കൈറ്റ്സ്. ശാസ്ത്ര സാങ്കേതിക വിദ്യകൾ പരിചയപ്പെടാനും മികവു തെളിയിക്കാനും ശ്രമിക്കുന്ന കുരുന്നുകൾ ക്ക് ആശംസകൾ.......



**ശ്രീ. റ്റി. എ. രാജൻ**

**സ്കൂൾ പി. ടി. എ പ്രസിഡന്റ്**

## ആശംസകൾ.......................

തിരുമാറാടി ഗവ. ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ജ്യോതിസ്സ് വിജ്ഞാനത്തിന്റെ അനന്തതയിലേക്ക് പറന്നുയരാനുള്ള കരുത്തു പകരട്ടെ. ആശംസകൾ.......



**സന്ധ്യ ശ്രീകുമാർ**
**എം.പി.ടി. എ പ്രസിഡന്റ്**

## ആശംസകൾ......................

ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ എന്നനിലയിൽ അറിവുകൾ നേടാനും പ്രയോഗിക്കാനുമുള്ള അവസരമായിരുന്നു ഡിജിറ്റൽ മാഗസിൻ. വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെയും അധ്യാപകരുടെയും സൃഷ്ടികൾ ഡിജിറ്റൽ മാഗസിൻ രൂപത്തിൽ കോർത്തിണക്കി നിങ്ങളുടെ മുന്നിൽ സവിനയം സമർപ്പിക്കുന്നു



**സുധി സുകുമാരൻ**
**(ചീഫ് എഡിറ്റർ)**

# എഡിറ്റോറിയൽ ബോർഡ്



**അലീന ബേബി**



**ആഷിദ സേവ്യർ**



**അഖില സോമൻ**



സുധി സുകുമാരൻ



ജിതിൻ റെജി



സതി കെ തങ്കപ്പൻ



ബിൻസി അഗസ്റ്റ്യൻ

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 2018-19



# ഉള്ളടക്കം

1. ജൈവവൈവിധ്യത്തിന്റെ വീഥിയിലൂടെ (ലേഖനം)
2. എന്റെ ഗ്രാമം (ചിത്രം)
3. ശ്രീനിവാസ രാമാനുജൻ (ലേഖനം)
4. ജനറൽ നോളജ് (ക്വിസ്സ്)
5. ക്കുട്ടുകാരി (കവിത)
6. മായാത്ത കാഴ്ചകൾ (കവിത)
7. ഹരിതം (കഥ)
8. പ്രകൃതിയുടെ ഗ്രാമം (കഥ)
9. അമ്മ (കവിത)
10. സ്ത്രീയും നിയമവും (ലേഖനം)
11. കണ്ണീരിൽ കുതിർന്ന ഗ്രാമം (ചെറുകഥ)
12. പ്രളയം (ചിത്രം)
13. പരിശ്രമം (കഥ)
14. ഓർമ്മകൾ (കഥ)
15. നാടിനെ സ്നേഹിച്ചാൽ (കഥ)
16. ഇന്റർനെറ്റിൻെറ സ്വാധീനം ഈ കാലഘട്ടത്തിൽ (ലേഖനം)
17. പൂച്ചക്കുട്ടി (കവിത)
18. പുതിയ നൂറ്റാണ്ടിലെമതന്യൂനപക്ഷങ്ങൾ (ഉപന്യാസം)

ലേഖനം

## ജൈവവൈവിധ്യത്തിന്റെ വീഥിയിലൂടെ........

ഒരുനാടിന്റെ തന്നെ തിലകക്കുറിയായി വിളങ്ങുന്ന തിരുമാറാടി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഭൗതീകതയിലേക്ക് ഒരെത്തിനോട്ടം......


വടക്കേ അതിരിൽ റോഡിനോടു ചേർന്നുനിൽക്കുന്ന മുളങ്കാടിന്റെ സംഗീതം കേട്ട് യാത്ര തുടങ്ങിയാൽ പേരമരത്തിലെ മധുരം നുണയാം. അവിടെ വരുന്ന കിളികളോടും അണ്ണാറക്കണ്ണനോടും കിന്നാരം പറയാം.!! അവിടുന്നങ്ങോട്ടു പൂക്കളുടെ സൗരഭ്യം നുകരാം. പിന്നീട് നെല്ലിക്കായുടെ ഇനിപ്പും ചവർപ്പും മധുരവും ആസ്വദിച്ച് ലങ്കാപുരിയിൽ സീതാദേവിക്ക് തണലേകിയ അശോക മരച്ചുവട്ടിൽ വിശ്രമിക്കാം.

മേടത്തിന്റെ സമ്പന്നത പകരുന്ന കണിക്കൊന്നയുടെ പീതാംബരച്ചുവട്ടിൽ ഒന്നു ആശ്വാസം കൊള്ളാം. അവിടുന്ന് ഇലഞ്ഞിപ്പൂവിന്റെ സൗരഭ്യം നുകർന്ന് പടർന്നു പന്തലിച്ച മഴമരച്ചുവടുകളിൽ സ്വസ്ഥമായിരുന്ന് കിനാവു കാണാം. -ഉറക്കം കെടുത്തുന്ന കിനാവുകൾ- തുടർന്നങ്ങോട്ട് കദളിവാഴക്കൈയിലിരുന്ന് വിരുന്നു വിളിക്കുന്ന പത്തുനൂറായിരം കാക്കകളുടെ കലമ്പലിനിടയിലൂടെ നമ്മുടെ പച്ചക്കറിത്തോട്ടത്തിലും മാവ്,പ്ളാവ്, റംബൂട്ടാൻ, സപ്പോർട്ട തുടങ്ങിയ ഫലവൃക്ഷച്ചുവടുകളിലും ഒന്നു ചുറ്റിയടിക്കാം. തുടർന്ന് ആമ്പൽക്കുളത്തിനരികിൽ സ്വന്തം ഛായ കണ്ട് നിർവൃതിയടയാം. ഇതിനൊക്കെപ്പുറമെ പുൽച്ചാടി മുതൽ പൂമ്പാറ്റ വരെയുള്ള ചെറുജീവികളെക്കണ്ട് സാഫല്യമടയാം.

ജൈവവൈവിധ്യം എന്നത് പ്രത്യേകമായി വേലികെട്ടിത്തിരിച്ച ഒരിടം എന്നതിനപ്പുറം School as a Whole എന്ന കാഴ്ചപ്പാടിൽ ഞങ്ങൾ വളർത്തിയെടുക്കുന്ന രാമച്ചം മുതൽ കപ്പളം വരെ വിളയുന്ന വിദ്യാലയാങ്കണം .... ഈനാടിന്റെ സരസ്വതീക്ഷേത്രം ജൈവവൈവിധ്യത്തിന്റെ നേർച്ചിത്രം............

**സതി.കെ.തങ്കപ്പൻ**

# എന്റെ ഗ്രാമം



**അഭിഷേക് ജോൺ മാത്യു**



ലേഖനം

# ശ്രീനിവാസ രാമാനുജൻ

തമിഴ്നാട്ടിൽ ഈറോഡിലെ ദരിദ്ര ബ്രാഹ്മണ കുടുംബത്തിൽ 1887 ഡിസംബർ 22-ന് ശ്രീനിവാസ രാമാനുജൻ ജനിച്ചു. അച്ഛൻ ശ്രീനിവാസ അയ്യങ്കാർ തുണിക്കടയിൽ കണക്കെഴുത്തുകാരനായിരുന്നു. അമ്മ കോമളത്തമ്മാൾ. രാമാനുജനു താഴെ അഞ്ചു മക്കൾകൂടിയുണ്ടായിരുന്നു.

പ്രശസ്തഗണിതശാസ്ത്രജ്ഞനായിരുന്ന ശ്രീനിവാസ രാമാനുജൻ താമസിച്ചിരുന്നത് കുംഭകോണത്തിൽ സാരംഗപാണിക്ഷേത്രത്തിനടുത്ത് ആയിരുന്നു. ഇപ്പോൾ അവിടെ അദ്ദേഹം താമസിച്ചിരുന്ന വീട് മ്യൂസിയം ആയി സൂക്ഷിക്കുന്നു.

സ്കൂളിൽ വെച്ചേ ഗണിതമായിരുന്നു രാമാനുജന്റെ പ്രിയവിഷയം. അടിസ്ഥാന സൗകര്യങ്ങളൊന്നുമില്ലാതിരുന്നിട്ടും പ്രതിഭ മാത്രം കൈമുതലാക്കി ഗണിതപഠനം തുടർന്നു. സ്കോളർഷിപ്പിന്റെ സഹായത്തോടെ അദ്ദേഹം 1904-ൽ കുംഭകോണം ഗവൺമെന്റ് കോളേജിൽ ചേർന്നു. ഗണിതത്തിൽ മാത്രമായിരുന്നു രാമാനുജന്റെ ശ്രദ്ധ. മറ്റു വിഷയങ്ങളിലെല്ലാം തോറ്റതിനാൽ സ്കോളർഷിപ്പ് നഷ്ടമായി.

1906-ൽ മദ്രാസ് പച്ചയപ്പാസ് കോളേജിൽ ചേർന്നെങ്കിലും, അവിടെയും കണക്കൊഴികെ മറ്റ് വിഷയങ്ങളിൽ തോൽക്കുകയും മദ്രാസ് സർവകലാശാലയിൽ ചേരുകയെന്ന അദ്ദേഹത്തിന്റെ സ്വപ്നം പൊലിഞ്ഞു.

ഗണിതശാസ്ത്രത്തിലെ 6000 സങ്കീർണ്ണപ്രശ്നങ്ങൾ അടങ്ങിയ, ജി.എസ്. കാർ രചിച്ച, സിനോപ്സിസ് ഓഫ് എലിമെന്ററി റിസൾട്ട്സ് ഇൻ പ്യൂവർ മാത്തമാറ്റിക്സ് എന്ന ഗ്രന്ഥം സ്കൂൾ പഠനകാലത്തു തന്നെ രാമാനുജന്റെ പക്കലുണ്ടായിരുന്നു. സങ്കീർണ്ണമായിരുന്ന ഈ പ്രശ്നങ്ങൾ, ഗണിതശാസ്ത്രമേഖലയിലെ പുതിയ പ്രവണതകളോ മുന്നേറ്റങ്ങളോ ഒന്നും അറിയാതെ രാമാനുജൻ ഒന്നൊന്നായി പരിഹരിച്ചു പോന്നു. അത്ര

ഉത്കൃഷ്ടമൊന്നുമല്ലാതിരുന്ന കാറിന്റെ പുസ്തകം പ്രശസ്തമായതു തന്നെ രാമാനുജനിലൂടെയാണ്. കോളേജ് പഠനം മുടങ്ങുമ്പോഴും ഈ പുസ്തകം അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നു. ആ പുസ്തകത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമത്തിനിടെ പുതിയ ഗണിതശ്രേണികൾ ഒന്നൊന്നായി രാമാനുജൻ കണ്ടെത്തി. പൈപയുടെ മൂല്യം എട്ട് ദശാംശസ്ഥാനം വരെ കൃത്യമായി നിർണയിക്കാനുള്ള മാർഗ്ഗം ആവിഷ്ക്കരിച്ചു. (പൈയുടെ മൂല്യം വേഗത്തിൽ നിർണയിക്കാനുള്ള കമ്പ്യൂട്ടർ `ആൽഗരിത'ത്തിന് അടിസ്ഥാനമായത് ഈ കണ്ടുപിടുത്തമാണ്.

അക്കാലത്താണ് ഇന്ത്യ മാത്തമാറ്റിക്കൽ സൊസൈറ്റി നിലവിൽ വരുന്നത്. തന്റെ പ്രബന്ധം സൊസൈറ്റിയുടെ ജേണൽ പ്രസിദ്ധീകരിച്ചത്, രാമാനുജന് പ്രശസ്തി നേടിക്കൊടുത്തു.

പ്രതികൂലകാലാവസ്ഥ മൂലം ആരോഗ്യം മോശമായതിനാൽ 1919 ഫെബ്രുവരി 27-ന് രാമാനുജൻ ഇന്ത്യയിലേക്കു മടങ്ങി. ക്ഷയരോഗമായിരുന്നു ബാധിച്ചിരുന്നത് . 1920 ഏപ്രിൽ 26-ന് അദ്ദേഹം അന്തരിച്ചു.

മരണത്തോട് മല്ലിടുമ്പോഴും പുതിയ ഗണിതരഹസ്യങ്ങൾ രാമാനുജൻ തേടിക്കൊണ്ടിരുന്നു. മരണശയ്യയിൽ കിടന്നു വികസിപ്പിച്ച പ്രമേയങ്ങൾ അദ്ദേഹം ഹാർഡിക്ക് അയച്ചുകൊടുത്തു. രാമാനജന്റെ നോട്ടുബുക്കിലെ സിദ്ധാന്തങ്ങൾ പലതും മരണശേഷം പ്രസിദ്ധീകരിക്കപ്പെട്ടു. അതിലെ സൂചനകൾ വെച്ച് പല ശാസ്ത്രജ്ഞരും പുതിയ തിയറങ്ങൾ വികസിപ്പിച്ചു.

രാമാനുജന്റെ നോട്ടുബുക്കിലെ 3254 കുറിപ്പുകൾ വികസിപ്പിച്ച ബ്രൂസ് സി.ബെർട്, ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ അവ 12 വാല്യങ്ങളായാണ് പ്രസിദ്ധീകരിച്ചത്. ചെന്നൈയിലെ റോയപുരത്ത് ഇപ്പോൾ രാമാനുജൻ മ്യൂസിയം പ്രവർത്തിക്കുന്നു. 1993-ലാണ് അത് സ്ഥാപിക്കപ്പെട്ടത്. ഗണിത ശാസ്ത്രത്തിൽ ഗുണനങ്ങളേക്കുറിച്ചുള്ള മേഖലയിലാണ് രാമനുജന്റെ സംഭാവനകളിലധികവും.



**ആഷിദ സേവ്യർ**

ക്വിസ്

# ജനറൽ നോളജ്

1. മലബാർ കലാപം നടന്ന വർഷം?

ഉ: 1921

2.ഉപ്പുസത്യാഗ്രഹം നടന്ന വർഷം?

ഉ:1930 മാർച്ച് 21

3.ISRO യുടെ ആദ്യത്തെ ചെയർമാൻ?

ഉ:വിക്രം സാരാഭായി

4.മറാത്ത കേസരി എന്നറിയപ്പെടുന്നതാര്?

ഉ:ബാലഗംഗാധരതിലക്

5.പഞ്ചാബ് കേസരി എന്നറിയപ്പെടുന്നതാര്?

ഉ:ലാലാ ലജ്പത്റായ്

6.ISRO യുടെ ആസ്ഥാനം എവിടെയാണ്?

ഉ:ബാംഗ്ലൂർ

7.ISRO നിലവിൽ വന്ന വർഷം?

ഉ:1969 ആഗസ്റ്റ് 15

**അലീന ബേബി**



കവിത

# കൂട്ടുകാരി

കൂട്ടുകൂടാനായെന്റെ
കൂട്ടുതേടിയണഞ്ഞൊരു
കുഞ്ഞാറ്റക്കിളി
പട്ടം പറത്തിയും
തുമ്പി പറത്തിയും
കാടായ കാടെല്ലാം മേടായ മേടെല്ലാം
കണ്ണാരം പൊത്തിക്കളിച്ചും
മണ്ണപ്പം ചുട്ടുകളിച്ചും
കൂടെനടന്ന
കനിവിന്റെ കനിവാമെന്റെ
കരളിന്റെ കരളായ
കളിക്കൂട്ടുകാരി


**ജിസ്ന മരിയ മാത്യു**



കവിത

# മായാത്ത കാഴ്ചകൾ

ജാനകീനിൻ കാന്തിയിൽ കുളിച്ച് നിൻ
ഗ്രാമീണരീതിയിലാക്കിയ എൻ ഹൃദയത്തെ
നീ തലോടിയസമയത്ത് മാറിയ എൻരീതിയെ
വാനോളമുയർത്തിയ കാന്തിയാണ് നീ
പാല്പോലെ എന്നെ നീ വെണ്മയാക്കി
ശുദ്ധശീതളപാനിയത്താൽ എന്നെ നീ കഴുകി
ആ വേളതൻ അദിസുന്ദരിയായ നിന്നെ ഞാൻ കണ്ടു
മതിവരാത്തവേളയിൽ നിൻ പുഞ്ചിരി കണ്ടു ഞാൻ
മയിലിന്റെ പീലികൾ എന്നെ തഴുകുമ്പോൾ
എന്നിലെ മൃദുവായമേനിയെകണ്ടു നിന്നു
മഴ പെയ്ത നേരത്ത് വിടർത്തിയ പീലിയാൽ
നൃത്ത ചുവടുകൾ തെറ്റാതെ ഞാൻ കണ്ട് ആസ്വദിച്ചു
മാൻപേടയുടെ താമരമൊട്ടു പോലെയുള്ള കണ്ണുകൾ
മതിവരാത്തവണ്ണം ഞാൻ നോക്കി നിന്നു
തുള്ളിച്ചാടിയ മാൻപേടയേ കണ്ടപ്പോൾ
എന്നെ തുള്ളൽ പഠിപ്പിച്ചു തന്നതായി എനിക്ക് തോന്നി
കാറ്റിൽ ആടുന്ന മരങ്ങളെ കണ്ടപ്പോൾ
പഴയകാലത്തെ  ഓർമ്മിപ്പിച്ചൊരു
നന്മയായരീതിയിലെക്ക് കൊണ്ടു പോയി
ശുദ്ധയുള്ളവളാക്കി മാറ്റി തീർത്തു
ഈ ഗ്രാമ ഭംഗിയിൽ മുങ്ങിക്കുളിച്ച്
എന്നെ സന്ധ്യയിൽ താരാട്ടുപാടിയു
റക്കിയ തളിരിലകളെ എന്റെ സഹോ
ദരങ്ങളെപ്പോലെ ഞാൻ കണ്ടു



**അഭിനവ് എൻ. എസ്**

**കഥ**

## ഹരിതം

ചീറിപ്പായുന്ന വണ്ടികളുടെ ശബ്ദത്തെ കീറിമുറിച്ചുകൊണ്ട് വയലാറിന്റെ പഴയചലചിത്രഗാനം മ്യൂസിക്പ്ലയറിൽ മുഴങ്ങുന്നു. ബഹുനില സമുച്ചയത്തിന്റെ ഒരോ വില്ലകളിൽ നിന്നും ഉയരുന്ന ശബ്ദങ്ങൾ ചേർന്ന് ആകെ വിരസിതമായ അന്തരീഷം. പതിനഞ്ച്നില കെട്ടിടത്തിന്റെ എഴാം നിലയിലെ ജനാലയിലൂടെ ദൂരെക്കാണുന്ന പച്ചപ്പിലെക്ക് അവൾ ഉറ്റ്നോക്കി അവളുടെ മിഴികളിൽ ആഹ്ലാദവും അതോടൊപ്പം വല്ലാത്തൊരു നിരാശയും നിഴലിക്കുന്നുണ്ടായിരുന്നു.

പൊടുന്നനെ പെട്രോളിന്റെ ഗന്ധം വഹിച്ചുകൊണ്ട് ഒരു കാറ്റ് അവളെ കഴുകി കടന്നുപോയി.

താഴെ ടൈലുവിരിച്ച വിശാലമായ കോർട്ടിന്റെ ഒരുവശത്ത് കുട്ടികൾ ഷട്ടിൽ കളിക്കുന്നു. മറ്റൊരുവശത്ത് ഒരു പറ്റം കുട്ടികൾ സ്മാർട്ട് ഫോണിനെ പ്രണയിച്ചിരികുന്നു. ശക്തമായ വെയിലിനെ അവഗണിച്ച് കോർട്ടിൽ ടൈലുകൾക്കിടയിൽ മുളച്ചുനിൽക്കുന്ന ഒരു നെൽച്ചെടിയിലേക്ക് അവളുടെ ശ്രദ്ധ പാളി വീണു. മുല്ലപ്പൂവിന്റെ സുഗന്ധവുമായി ഒരുകാറ്റ് അവളെ തഴുകി. ആകാറ്റിന്റെ തേരിലെറി അവൾ തന്റെ കുട്ടിക്കാലത്തേക്ക് ഒരുയാത്രപോയി.

നെൽക്കതിരുകൾ വിരിഞ്ഞ പാടവരമ്പത്തുക്കൂടി നഗ്നപാദയായി ഓടാറുണ്ട് അവൾ.നെൽത്തുമ്പിലെ മഞ്ഞുകണങ്ങളെ കൈതുമ്പാൻ തലോടി ഒടുന്ന സുഖം....പ്രഭാതസൂര്യനെ ഇരുകൈയ്യും നീട്ടിപുൽകി തണുത്ത ഇളംകാറ്റിനെ നാസാഗ്വഹത്തിലേക്ക് വലിച്ചുകയറ്റുമ്പോൾ ലഭിക്കുന്ന ഉണർവ്വും ഉന്മേഷവും ഒന്നും ഒരു മോർണിംങ് വാക്കിനും തരാൻകഴിയില്ല എന്ന സത്യം അവൾ തിരിച്ചറിഞ്ഞിരുന്നു.

അവളുടെ കുട്ടിക്കാലത്ത് അച്ഛനോടും അമ്മയോടും ഒപ്പം പാടത്തും പറമ്പിലും പോകാറുണ്ടായിരുന്നു ചെളിയുടെയും മണ്ണിന്റെയും ഗന്ധം അവൾക്ക് സുഗന്ധമായിരുന്നു ഞാറ്റുവേലകന്നിക്കെയ്ത്ത്ഉണങ്ങിയ വൈക്കോലിന്റെയും

പഴങ്ങിയ നെല്ലിൻെറയും മാധുര്യം തുളുമ്പിയ ഓർമ്മകളെ ഭേദിച്ചുകൊണ്ട് തോട്ടട്ടത്തൊ ഫ്ലാറ്റിൽ നിന്നും പൊരിച്ച മൽസ്യത്തിൻെറ ഗന്ധം മൂക്കിൽ തുളച്ചുക്കയറി ഹരിതെ നീ എവിടെയാ അവൾ തിരുഞ്ഞു നോക്കി തൊട്ടപ്പുറത്തെ ശ്രുദേവി ആണ്. പേരിനുചേർന്ന യാതൊരു രൂപവും അവൾക്കില്ല .

മാതൃഭാഷ അറിയാമെങ്കിലും അത് സംസാരിക്കുന്നത് തൻെറ സ്റ്റാറ്റസിന് ചേർന്നതല്ല എന്നാണ് അവളുടെ അഭിപ്രായം.പുതിയ ലോകത്തിൻെറ മോഡികൾ തേടിസ്വന്തം പേരുമറന്നുപോകുന്നവർ."എന്തോ ശ്രീ,ഈവഴിയൊക്കെ നിനക്ക് ഓർമ്മയുണ്ടോ?"അവൾ ചോദിച്ചു.ശ്രീദേവി തൻെറ ബിഗ്ഷോപറിൽ നിന്നും ഒരു കവർ പുറത്തെടുത്തു അത് കണ്ട് ഹരിതയുടെ കണ്ണുകൾ വിടർന്നു കറുത്ത പൊളിത്തീൻ കവറിൽ മണ്ണിനെ ചുംബിച്ച് ഇളം ഇലകൾ വിടർത്തി നിൽക്കുന്ന ഒരു കൊച്ചുവാകമരം. ഇത് എവിടെ നിന്നാണ്?ആകാംക്ഷയോടെ ഹരിത ചോദിച്ചു ഞാന എസ്പോക്ക് പോയപ്പോൾകണ്ടതാണ് അപ്പോൾ നിൻെറഓർമ്മവന്നു അതുകൊണ്ട് നിനക്കുവേണ്ടി കൊണ്ടുവന്നതാണ് ഒന്നും പറയാൻ നിൽക്കാതെ ആ ചെടിയും വാങ്ങി അവൾ നടന്നു.മുറിയിൽ ചില്ലിട്ട മേശയ്ക്ക്മുകളിലായി അതുവച്ചു അലങ്കാരബൾബുകളുടെ പ്രകാശം ആ സസ്യത്തിൻെറ ഇലകളുടെ വിടവിലൂടെ നോക്കിയപ്പോൾ ജ്വലിക്കുന്ന ഒരു പൂവായി അവൾക്ക് തോന്നി ആരാധന ദൈവത്തിൻെറ മുന്നിൽ അവൾത്തെളിയിച്ച തിരി കാറ്റിൻെറ ശക്തിയെ മറികടന്ന് തീവ്രമായി പ്രകാശം പരത്തികൊണ്ടിരുന്നു.

**നിരഞ്ചന എ.ആർ**



കഥ

# പ്രകൃതിയുടെ ഗ്രാമം

ഒരിക്കൽ ഒരു കൊച്ചു പൂമ്പാറ്റ ഉണ്ടായിരുന്നു.ആ കൊച്ചു പൂമ്പാറ്റയെ കാണാൻ നല്ല ഭംഗിയായിരുന്നു.
ആ പൂമ്പാറ്റയുടെ പേര് കുട്ടു പൂമ്പാറ്റ എന്നായിരുന്നു.
കുട്ടു പൂമ്പാറ്റ ഒരു ദിവസം രാവിലെ തേൻ കുടിക്കുവാൻ
പൂക്കൾ തേടി പോയി.അപ്പോൾ കുട്ടു പൂമ്പാറ്റ വേറെയൊ
രു കൊച്ചു തുമ്പിയെ കണ്ടു കുട്ടു പൂമ്പാറ്റ പറന്ന് കൊച്ചു
തുമ്പിയുടെ അടുത്തേക്ക് ചെന്നു . എന്നിട്ട് കുട്ടു പൂമ്പാറ്റ
ചോദിച്ചു. കൊച്ചു തുമ്പിയുടെ പേരെന്താ? കൊച്ചു തുമ്പി
പറഞ്ഞു എന്റെ പേര് മിട്ടു തുമ്പി എന്നാണ്.നീ എവിടെ പോവാ കുട്ടു പൂമ്പാറ്റ
ചോദിച്ചു.ഞാൻ തേൻ കുടിക്കുവാൻ
പോവുകയാ മിട്ടു തുമ്പി പറഞ്ഞു ആണോ ഞാനും തേൻ
കുടിക്കുവാൻ പോവുകയാ എന്നാൽ നമുക്ക് ഒരുമിച്ച്
തേൻ കുടിക്കുവാൻ പോകാം എന്നൽ ശരി.
അവർ രണ്ടു പേരും കൂട്ടുകാരായി. കുട്ടു പൂമ്പാറ്റയ്ക്കും മിട്ടു
തുമ്പിക്കും നന്നായി വിശക്കുന്നുണ്ടായിരുന്നു. അവർ പൂക്കൾ തേടി
പോവുകയായിരുന്നു. കുട്ടു പൂമ്പാറ്റയും മിട്ടു
തുമ്പിയും മടുത്തു. അവർ അവിടെ കുറച്ചുനേരം കഴിഞ്ഞ
പ്പോൾ മിട്ടു തുമ്പി ഒരു പൂന്തോട്ടം കണ്ടു. അവർ അങ്ങോട്ടുപോയി അവർ വയറു
നിറയെ തേൻ കുടിച്ച്
സന്തോഷമായി പോയി.



അതുൽ ഷിബു

കവിത

# അമ്മ



അമ്മ നല്ല അമ്മ
ഉമ്മ തരും അമ്മ
ഊണ് തരും അമ്മ
പാട്ട് പാടും അമ്മ
തെറ്റ് കണ്ടാൽ
തല്ലീടും അമ്മ
അമ്മ എന്റെ അമ്മ
എന്റെ സ്വന്തം അമ്മ

നേത്ര മനോജ്



ലേഖനം

## സ്ത്രീയും നിയമവും

നിയമം എന്നത് ഒരു സമൂഹം അവയിലെ അംഗങ്ങളുടെമേൽ സ്വയം നിയന്ത്രിക്കുന്നതിനായി ഉണ്ടാക്കിയ ഒരു രൂപരേഖയാണ്.ആചാരങ്ങളിൽനിന്നോ ,ഭരണകൂടങ്ങൾ അവരുടെ പ്രജകൾക്കുമേൽ ഉണ്ടാകുന്ന നിയന്ത്രണങ്ങളിൽ നിന്നോ നിയമം ഉണ്ടാകാം.

നിയമവും ധാർമ്മികതയും പരസ്പരം ബന്ധപ്പെട്ടവയാണ്. നിയമം ഒരു വ്യക്തിയുടെ ബാഹ്യമായ ചേഷ്ടകളെയും വ്യവഹാരങ്ങളേയും നിയന്ത്രിക്കുമ്പോൾ ധാർമ്മികത മനഃസാക്ഷിയോടെയാണ് കടപ്പെട്ടിരിക്കുന്നത്. ധാർമ്മികമായി നാംചെയ്യുവാൻ ബാധ്യസ്ഥമായ പലതും നിയമപരമായി നമ്മോട് അനുശാസിക്കപ്പെട്ടവയെല്ല. പ്രായംചെന്ന ഒരാൾ റോഡ് മുറിച്ചുകടക്കാൻശ്രമിക്കുമ്പോൾ അയാളെ സഹായിക്കേണ്ടത് ധാർമ്മികമായി നമ്മുടെ ബാധ്യതയാണെങ്കിലും നിയമപരമായി അങ്ങനെ ചെയ്യുവാൻ യാതൊരു ബാധ്യതയും നമുക്കില്ല. പലപ്പോഴും സമൂഹംനമ്മളോട് അവശ്യപ്പെടുന്ന ധാർമ്മികത നിയമപരമായി നിർബന്ധിക്കുന്നുമില്ല.

നമ്മുടെ രാജ്യം അനേകം ഭാക്ഷകളും ജാതി-ഉപജാതികളും മതങ്ങളും ദർശനങ്ങളും ജീവിതരീതികളും സംസ്കാരങ്ങളുംകൊണ്ട് വിഭിന്നമായതാണ്. വൈജാതങ്ങൾകൊണ്ട് അനേകം അറകളിൽ സ്ഥിതിച്ചെയ്യുന്ന നമ്മെ യോജിപ്പിക്കുന്ന പ്രധാന ഘടകം നമുക്ക് പൊതുവായുള്ള നിയമങ്ങളും ഭരണഘടനയുംമാണ്

വ്യത്യസ്ത മത സമൂഹങ്ങൾ പക്ഷേ വ്യത്യസ്തമായ ജീവിതരീതികൾ കൊണ്ടും ആചാരങ്ങൾക്കൊണ്ടും അവരുടെ തനിമ നിലനിർത്തുകയാണ് ഇങ്ങനെ സ്വന്തം വ്യതിരിക്തത നിലനിർത്തുകയാണ് വ്യത്യസ്ത സമൂഹങ്ങൾക്ക് അവരുടെ വ്യക്തി നിയമങ്ങളിൽ അധിഷ്ഠതമായി ജീവിക്കുവാനും ആശയപ്രജരണത്തിനും അവകാശം നൽകുന്ന വിവാഹം ജീവനാംശം വിവാഹ മോചനം പിൻ തുടർച്ചവകാശം രക്ഷാകർതൃത്വം എന്നിങ്ങനെയുള്ള പൗരന്റെ സ്വകാര്യപ്രശ്നങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അവരവരുടെ വ്യക്തി നിയമമാണ് ബാധകമായിട്ടുള്ളത് സ്ത്രീകൾക്ക് മാന്യമായ ജീവിതനിലവാരം ഉറപ്പാക്കൻ കഴിയുന്ന ഒരു സമൂഹത്തിനുമാത്രമേ പരിഷ്കൃതസമൂഹം എന്ന് അവശ്യപ്പടാനാവുകയെള്ളു.

**ആദിത്യൻ മനോജ്**



**ചെറുകഥ**

## കണ്ണീരിൽ കുതിർന്ന ഗ്രാമം

വർഷങ്ങൾക്ക് മുമ്പ് കേരളം ദൈവത്തിൻെറ സ്വന്തം നാടായിരുന്നു. കിഴക്കൻ ചക്രവളത്തിൽ ഉദിച്ചുയരുന്ന സൂര്യൻ ഇലകൾക്കിടയിലൂടെ മണ്ണിലേയ്ക്കരിചെത്തുന്ന സൂര്യപ്രകാശം. പൂത്തുനിൽക്കുന്ന

തരുക്കൾ.ഇലകളിൽ നിന്ന് താഴെക്ക് വെമ്പാൻ കൊതിക്കുന്ന മഞ്ഞുതുള്ളികൾ

കളകളാരം മുഴക്കി ആർത്ത-

ലച്ച് പായുന്ന അരുവികൾ. അതിൽ നീന്തിത്തുടിക്കുന്ന പരൽ

മീനുകൾ കാറ്റിൽ നൃത്തമാടുന്ന കാട്ടുവള്ളികൾ. അതിൽ

ഉഞ്ഞാലാടി സംഗീതം പാടുന്ന പക്ഷികൾ അങ്ങനെ എന്തെല്ലാം അത് ഈ പുസ്തകതാളിലോ പുസ്തകത്തിലോ ഒതുങ്ങുന്നതല്ല അതിങ്ങനെ നീണ്ടുകിടക്കുന്നു അങ്ങനെയു

ള്ളൊരു ഗ്രമത്തിലാണ് ഞാൻ വലർന്നത്. ചെറുപ്പം മുതലെ എന്റെ മനസ്സ് പ്രകൃതിയിലലിഞ്ഞുചേർന്നിരുന്നു.കുയിലിന്റെ നാഥം കേട്ട് ഉണരുകയും കാറ്റിൽഞെട്ടറ്റുവീഴുന്ന മാമ്പഴം നുകരുകയും മഴയുടെസംഗീതംകേട്ട് ഉറങ്ങുകയും

ചെയ്തു. പ്രകൃതിയെ വിഴുങ്ങുന്ന ന്യൂജനറേഷൻ എന്ന കാർക്കോടകൻഅപ്പോഴെക്കും കേരളത്തോട്മല്ലിട്ടുതുടങ്ങിയിരുന്നുഭൂമിയുടെമാറിൽ കോൺക്രീറ്റമാളികകൽ പണിതു മലകളും കുന്നുകളും ഒരു ഭീകരരീക്ഷസവണ്ടികൾക്ക് ഇരയായി

പാടവും പുഴകളും മണ്ണെടുത്തു നിരത്തി ഞാൻ പ്രകൃതിയെ അവോളം സ്നേഹിച്ചു. ചെറുപ്രായത്തിൽ തന്നെ എന്റെ ജീവിതത്തിലെ ഒരു ഭാഗമായിത്തീർന്നു പ്രകൃതി.പതുക്കെന്യൂജനറേഷൻ എന്ന കാർക്കേടകന്റെ താണ്ഡവം കേരളത്തിൽ കുടിക്കൊണ്ടിയിരുന്നു മനുഷ്യന്റെ അതിക്രൂരമായ നാടകങ്ങൾക്ക് ഇരയാകേണ്ടി വന്നു പ്രകൃതിയ്ക്ക്. പ്ലാസ്റ്റിക്ക് കുമ്പാരങ്ങളുടെ കെട്ടുകൾ നദിയിലേക്ക് വലിച്ചെറിഞ്ഞും മാമരങ്ങൾ വെട്ടിനശിപ്പിച്ചും ദൈവത്തിന്റെ സ്വന്തം നാട് മരിച്ചുക്കൊണ്ടേയിരുന്നു. അങ്ങനെ എന്റെ സുന്ദരമായ കേരളം മരണത്തിൽ അലിഞ്ഞുചേർന്നു ആ സമയം മലയാള മണ്ണിന്റെ മധുരിപ്പിക്കുന്ന ഓർമ്മകളിൽ ഒരുവൻ പേമാരി അടുത്തെത്തുന്നത് ഉയരിരെടുക്കാൻ നിൽക്കുന്ന ഒരു


കാലനേപ്പോലെ ഉഗ്രതാണ്ഡവാമായി മാറി ആ പ്രളയം അതിൽ എന്റെ സഹോദരങ്ങളും മാതാപ്പിതാക്കളും ഒഴുകി നടന്നു മൃഗങ്ങൾ വെള്ളത്തിൽ മുങ്ങിചത്തു മനുഷ്യൻചെയ്യ്തോരപരാധങ്ങൾക്ക് ഒരുനാൾ ഈ ശിക്ഷ തിരിച്ചുനൽകേണ്ടതാകണമെന്ന് ഞാനന്നെ വിചാരിച്ചിരിന്നു ഈ പ്രളയത്തിൽ എല്ലാം നശിച്ചിരുന്നു എന്റെ ഗ്രാമവും ചിരിച്ചൊഴുകുന്ന പുഴകളെ എനിക്കിന്ന് കാണാൻ കഴിയുന്നില്ല. പ്രകൃതിയെ ഒരുനല്ല രീതിയിൽ തിരിച്ചു കൊണ്ടുവരാൻ എനിക്കൊ ഭൂമിയിൽ വസിക്കുന്ന മർത്ത്യജന്മങ്ങക്കോ കഴിഞ്ഞില്ല. സന്തോഷത്തോടെ പാട്ട്പാടിനടക്കുന്ന പക്ഷി മൃഗാദികളെയും എനിയ്ക്ക്കാണാൻ കഴിയുന്നില്ല അവയെല്ലാം

മനുഷ്യന്റെ അപരാധങ്ങൾക്ക് ഇരയായിരുന്നു ഞാൻ എന്റെ മനസ്സിനോട് പറയുന്നു മനസ്സെ മടങ്ങുക തിരികെ. ഈ മലയാളമണ്ണിൽ എനിയ്ക്കൊരു ജന്മം കൂടി നൽകൂ....ഞാൻ പ്രാർത്ഥിക്കാം....ദൈവത്തോട്....കേരളത്തോട്.

**സുധി സുകുമാരൻ**



# പ്രളയം




**ജിതിൻ റെജി**



വി.എച്ച്.എസ്.എസ് തിരുമാറാടി

**കഥ**

## പരിശ്രമം

ഒരു ദിവസം രണ്ട് ചുണ്ടെലികൾ നാട്ടുകാണാനിറങ്ങി. നടന്നുനടന്ന് അവർ ഒരു കുടിലിലെത്തി.

അവിടെ ഒരു കുടത്തിൽ തൈര് വച്ചിട്ടുണ്ടായിരുന്നു. അറിയാതെ അവർ അതിലേക്കു വീണു. രക്ഷപ്പെടാനായി അവർ ശ്രമിച്ചെങ്കിലും നടന്നില്ല. തന്റെ വിധിയെ ശപിച്ചുകൊണ്ട് ഒരാൾ മുങ്ങിച്ചാകാൻ തയ്യാറായി.പക്ഷേ രണ്ടാമത്തെയാൾ മുകളിലേയ്ക്ക് ചാടിക്കൊണ്ടേയിരുന്നു. ചുണ്ടെലിയുടെ തുടർച്ചയായ ചാട്ടം മൂലം തൈര് കടഞ്ഞ് വെണ്ണ അടിയാൻ തുടങ്ങി.തൈരിനു മുകളിൽ പൊങ്ങിക്കിടക്കുന്ന വെണ്ണയിൽ കയറി ചുണ്ടെലികൾ രക്ഷപ്പെട്ടു. കൂട്ടുകാരന്റെ കഠിനപരിശ്രമം മൂലമാണ് തനിക്കും രക്ഷപ്പെടാൻ കഴിഞ്ഞതെന്നു മനസ്സിലാക്കിയ മടിയൻ ചുണ്ടെലി പിന്നീടൊരിക്കലും വിധിയെ പഴിച്ചിട്ടില്ല. ഏതാപത്തിലും കഠിനപരിശ്രമത്തിലൂടെ അവൻ സ്വയരക്ഷ കണ്ടെത്താൻ തുടങ്ങി.

കൈലാസ്‌രാജ് പി ആർ



# ഓർമ്മകൾ

കുട്ടികാലത്തെ ഓർമ്മകളാൽ തിങ്ങിനിറഞ്ഞമനസ്സോടെ വിദേശത്ത് ജോലി തേടിപ്പോകുകയാണ് ഉണ്ണി.തൻെറ ഗ്രാമത്തെയും അതിൻെറ സമ്പുഷ്ടതയെയും വൈവിധ്യത്തെയും അവൻ ഒരുപാട് സ്നേഹിച്ചിരുന്നു.തൻെറ നാട്ടിൽ വേരുന്നിയ മനസ്സിനുടമയായ ഉണ്ണിയെബന്ധുക്കളുടെ നിർബന്ധത്താലാണ് വിദേശത്തേയ്ക്കയക്കുന്നത്.

അവനതിൽ താല്പര്യമില്ലാതിരുന്നിട്ടും വീടിൻെറ ബാധ്യതയാണ് ഉണ്ണിയെ അതിന് തല്പരനാക്കിയത്.തൻെറ ഗ്രാമീണതയാലുംഅമ്മയുടേയും ബന്ധുക്കളുടെയും സ്നേഹത്താലും നിറഞ്ഞ മനസ്സോടെഉണ്ണി നാട്ടിൽ നിന്നും വിദേശത്തേക്ക് യാത്രയായി.അന്യനാട്ടിൽ കാലുകുത്തിയപ്പോൾ അവൻെറ മനസ്സ് വല്ലാതെ പിടഞ്ഞു.ആ ഗൃഹാതുരതഅവനെ വല്ലാതെ അലട്ടി. തൻെറ ഗ്രാമത്തോളം ഒരുനാടും അവനെ സംതൃപ്താനക്കിയിരുന്നില്ല.തൻെറ ഉത്തരവാദിത്വം അവനെ അവൻെറ ജോലിയിൽ തൽപരനാക്കി.

മാസങ്ങളുടെ പ്രയത്നത്തിനുശേഷം ഉണ്ണിക്ക് ഒരു ജോലി കിട്ടി.അഞ്ചുവർഷത്തിനുശേഷം തൻെറ നാടിൻെറ ഓർമ്മകളാൽ ഉണ്ണി നാട്ടിലേക്ക് തിരിച്ചു. തൻെറ അമ്മയെയും ബന്ധുകളെയും അതിലുപരി നാടിനേയും കാണാൻ അവൻെറ മനസ്സ് തുടിച്ചു. ഒടുവിൽ നാട്ടിലെത്തിയ ഉണ്ണിയെ കാത്തിരുന്നത് അവൻെറ ഹൃദയത്തെ നടുക്കുന്നതായിരുന്നു. വഴിനീളെ ബഹുനിലക്കെട്ടിടങ്ങൾ,പഞ്ചനക്ഷത്രഹോട്ടലുകൾ,വാഹനങ്ങൾ,കുന്നുകൾ ഇടിച്ചുനികത്തിയുണ്ടാകിയ റിസോട്ടുകൾ എന്നിവയൊക്കെയായിരുന്നു.

തൻെറ വീടിൻെറയൊരംശംപോലുംഅവിടെഉണ്ടയിരുന്നില്ല.ഉണ്ണിയുടെ സുഹൃത്ത് ബാലൻ അവനോട് അവൻെറ വിടാരോ വാങ്ങിയെന്നുംഅത് ഇടിച്ചുനിരത്തി മറ്റൊരു വീട് പണിതതാണിതെന്നും പറഞ്ഞു. ഉണ്ണി പിന്നിലേക്കു തിരിഞ്ഞു നോക്കിയപ്പോൾ അവൻെറ അമ്മയുടെ ഒരു ചിത്രം അവൻ കണ്ടു.അമ്മ മരിച്ചെന്നും സാങ്കേതികപ്രശ്നങ്ങൾ കാരണം അറിയിക്കാൻ സാധിക്കാത്തതാണെന്നും അറിയിച്ചു. അതറിഞ്ഞപ്പോൾ അവൻെറ ഹൃദയത്തിലൂടെ ഒരു തീക്കനൽ കടന്നു പോകുന്നതുപോലെ അവന് തോന്നി.മാനസികവേദനയുണർത്തുന്നതോന്നലോടെ ഉണ്ണി വിദേശത്തേയ്ക്ക് പോയി.തൻെറ മനസിക പ്രേരണയിൽ ഉണ്ണി തൻെറ ഫ്ളാറ്റിലേക്ക് ഒട്ടേറെ പൂച്ചെടികളും മറ്റും കൊണ്ടു വന്നു.മറ്റുള്ളവരുടെ വിമർശനങ്ങളേറ്റവാങ്ങിയെങ്കിലും തൻെറ പ്രകൃതിസ്നേഹം അതിനെയെല്ലാം അതജീവിക്കാനുള്ള കരുത്ത് അദ്ദേഹ-ത്തിനു നൽകി ആ പ്രകൃതിസാമീപ്യത്തിൽ സംതൃപ്തനായി ശിഷ്ട്കാലം ഉണ്ണി അവിടെ ജീവിച്ചു.



-അഭിജിത്ത് ശ്രീകുമാർ

## നാടിനെ സ്നേഹിച്ചാൽ

മലയോരങ്ങളുള്ള നാട് ദൈവത്തി-
ൻെറ സ്വന്തം നാട്. പുഴകളും കാടുകളും മലയോരങ്ങളും ഉള്ള നാ-
ട്. നേരം വെളുക്കുന്നു.
കൃഷിക്കാർ വയലുകളിലേക്ക്  ഇറങ്ങുന്നു.
ആ കൃഷിക്കാരിൽ ഒരാളാണ് പപ്പു.അവൻെറ
സ്വപ്നമായിരുന്നു വയലുകളിലെ വിളവ്.ആ
വയലുകളിൽ നിന്ന് ലഭിക്കുന്ന വിളവ് കൊണ്ടാണ്
അവൻ ജീവിക്കുന്നത്.കുറെ മാസങ്ങൾ കടന്നുപോയി.വയലുകളിൽ വിളവ് അധികമായി.അതു കണ്ട് പപ്പുവും കൂട്ടുകാരും സന്തോഷിച്ചു. പക്ഷേ,പപ്പു ഇതു കണ്ട് മോഹിതനായി.അവൻ കൂട്ടുകാരെ പറ്റിച്ച് വിളവ് സ്വന്തമാക്കി.അങ്ങനെ അവൻ ആ വിളവിൽ നിന്ന് കിട്ടിയ പണം കൊണ്ട് അവൻ കണ്ടതെല്ലാം വാങ്ങിക്കൂട്ടി.അങ്ങനെ അവൻെറ സ്വന്തം നാട് മറന്നു. അവനിൽനിന്ന് കൂട്ടുകാരെ അകറ്റി.പക്ഷ,അത് അവനെകൊണ്ടെത്തിച്ചത് ഒരു വലിയ നാശത്തിലേക്കാണ്.അവന് എല്ലാം നഷ്ടപ്പെട്ടു.ഒടുവിൽ അവൻ ഒരു ദരിദ്രനായി മാറി.

**ഗുണപാഠം:-**സമ്പത്ത് മോഹിച്ച് ഒരിക്കലും നമ്മൾ നാടിനെയും  കൃഷിയെയും സ്നേഹിക്കരുത്.അത് നമ്മെ നാശത്തിലേക്കാണ് നയിക്കുക.



**ദേവദത്ത് സുരേഷ്**

ലേഖനം

# ഇന്റർനെറ്റിൻെറ സ്വാധീനം ഈ കാലഘട്ടത്തിൽ

ഇന്ത്യ ഒരു വികസ്വര രാഷ്ട്രമാണെങ്കിലും സാങ്കേ-തീക മുന്നേറ്റത്തിൻെറ കാലഘട്ടത്തിനനുസരിച്ച് ഇന്ത്യ കുതിക്കുകയാണ്.അടുത്ത ദശാബ്ദങ്ങളിൽ ടെലി-
ഫോൺ ഉപഗ്രഹചാനൽ എന്നിവക്കുശേഷം കടന്നുവ-ന്ന ഇൻറർനെറ്റ് എന്ന സാങ്കേതികതയെ വേഗത-യോടും കരുതലോടും ഇന്ത്യ സ്വീകരിച്ചു.

കമ്പ്യൂട്ടർ,ടെലിഫോൺ ഒപ്പം ഒരു ഇൻറ-ർനെറ്റ് കണക്ഷനുമായാൽ ലോകം തന്നെമുന്നിലെത്തുകയാണ്.ലോകത്ത് എമ്പാടുമുള്ള ലക്ഷക്കണക്കിന് ക-മ്പ്യൂട്ടർ ശ്രൃംഖലകളിലെ വിജ്ഞാനശേഖരങ്ങളാണ് ഇൻറർനെറ്റ് വഴി ഓരോ വ്യക്തിക്കും ലഭിക്കുന്നത്.

പ്രശസ്ത ഡോക്ടർമാരുമായി രോഗകാര്യ-ങ്ങൾ ചർച്ച ചെയ്യാം.ലോകത്തിൻെറ വിവിധ കേന്ദ്ര-ങ്ങളിലുള്ള വ്യക്തികളുമായി സെമിനാർ സംഘടിപ്പി-ക്കാം തുടങ്ങിയ കാര്യങ്ങൾ ഇൻറർനെറ്റുകൊണ്ട് സാധിക്കുന്നു.
വിദ്യാഭ്യാസം:കേരളത്തിലെ ഒരു വിദ്യാർത്ഥിക്ക് അ-ന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനസൗകര്യം നൽകാൻ ഇൻറർനെറ്റ് വഴി സാധ്യമാകും.ദിനംപ്രതിമാറി വരുന്ന പുതിയ കണ്ടത്തലുകൾ,കമ്പ്യൂട്ടറുർ ഭാഷകൾ എന്നുവേണ്ട മുന്നിട്ടു നിൽക്കുന്ന സാങ്കതീക വിദ്യകൾ കാലാവസ്ഥാ പഠനങ്ങൾ എന്നിവയും ഇൻ്റർനെറ്റുകൊണ്ട് സാധ്യമാകുന്നു.

വാർത്തകൾ - ലോകത്തെങ്ങുമുള്ള വായനശാലകളിൽനിന്നും ശേഖരിക്കാമെന്നപോലെ ഇൻ്റർനെറ്റ് വഴി പല പത്രങ്ങളും ഇന്ന് ലഭ്യമാണ്. മണിക്കൂർ ഇടവിട്ട് രാജ്യത്തെങ്ങുമുള്ള പത്രങ്ങൾ പുതിയ വാർത്തകൾഇലക്ട്രോണിക് പത്രത്തിൽ ചേർക്കുന്നു. രാവിലെ വീട്ടുകളിൽ പത്രമെത്തുന്നതിനു മുമ്പു തന്നെ ഇൻ്റർനെറ്റിൽ അന്നത്തെ പത്രം ലഭ്യമാകുന്നു.

ഇന്ന് പല സർവകലാശാലകളും ഇൻ്റർനെറ്റ് വഴി കോഴ്സുകളും ആരംഭിച്ചു കഴിഞ്ഞു. സർവകലാശാലയുമായി ബന്ധപ്പെട്ട ഫീസ് അടച്ച് കോഴ്സിനു

ചേർന്നാൽ ഒട്ടുവിൽ പരീക്ഷ എഴുതിയാൽ മതി.ഇന്റർനെറ്റ വഴി അന്താരാഷ്ട്ര സംസ്കാരം പരസ്പരം മനസ്സിലാക്കാമെങ്കിലും നമ്മുടെ സംസ്കാരത്തെ വലിച്ചെറിയാനുള്ള ഒരു ആവേശം യുവ തലമുറക്ക് ഉണ്ടായി എന്നുള്ളതും വിസ്മരിച്ചുകൂടാ. ആതിഥ്യമര്യാദ ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടതാകുന്നു. നമ്മുടെ വിവരശേഖരണം മുൻ കാലങ്ങളിലൂടെയാണ് ഉണ്ടായിട്ടുള്ളതെങ്കിൽ ഇന്ന് ആ ചിന്തകൾ തന്നെ വിദൂരമാണ്.ബന്ധങ്ങളുടെ അകൽച്ചയായിരിക്കാം ഇതിനു കാരണം. ഇന്റർനെറ്റുപയോഗിച്ച് അന്താരാഷ്ട്ര മേഖലകളിൽ നാം ഓടിനടക്കുമ്പോഴും മാതൃത്വപരമായി ഓരോദേശത്തുമുള്ള സംസ്കാരത്തെ ഒരിക്കലും വിസ്മരിച്ചു കൂടാ.

**അന്ന ഷിബു.**



# പൂച്ചക്കുട്ടി



ഓട്ടും ചാട്ടും തുള്ളിച്ചാട്ടും

മിട്ടുകുട്ടൻ പൂച്ചക്കുട്ടി
മിന്നിതിളങ്ങും കണ്ണും പൂടനിറഞ്ഞ
നീളൻവാല് കാണാൻ എന്തൊരു
ചേലാണ്  നീളൻമീശേം പൂപ്പലി
പോലെ ഓട്ടും നമ്മുടെ സ്വന്തം
മിട്ടു കുട്ടൻ

**കാളിദാസ് പി.ആർ**



**ഉപന്യാസം**

# പുതിയ നൂറ്റാണ്ടിലെമതന്യൂനപക്ഷങ്ങൾ

രാഷ്ട്ര സ്വാതന്ത്ര്യത്തിനുവേണ്ടി ഏറ്റവും വലിയസംഭാവനയർപ്പിച്ചവരാണ് ഇന്ത്യയിലെ ന്യൂനപക്ഷമിഭാഗങ്ങൾ.ജന്മനാടിനുവേണ്ടിയുള്ളപോരാട്ടം വിശ്വാസത്തിന്റെ ഭാഗമായിരിക്കേണ്ടസമൂഹം ഈ മാർഗ്ഗത്തിൽ ജീവാർപ്പണത്തിന് സന്നദ്ധമായാണിറങ്ങിയത്. ഒരു സമുദായം എന്ന നിലയ്ക്ക് ബ്രിട്ടീഷുകാർക്കെതിരെ ഒറ്റക്കെട്ടായി കലാപം ചെയ്തവരാണ് മുസ്ലിംകൾ. ജന്മഭൂമിയുടെ സ്വാതന്ത്രം പൊരുതിവാങ്ങിയവർക്ക് ഇന്ത്യ സ്വന്തം രക്തത്തിലലിഞ്ഞ വികാരമാണ് പക്ഷെ ഇതംഗീകരിച്ചു കൊടുക്കാൻ സന്മനസില്ലാത്ത ഒരു വിഭാഗത്തിന്റെ ബോധപൂർവമായ ശ്രമങ്ങൾ ന്യൂനപക്ഷങ്ങളെ പ്രത്യേകിച്ച് മുസ്ലിംകളെ രാജ്യത്തിന്റെ ശത്രുകളാണെന്ന് വരുത്തിത്തീർക്കാനുള്ള പദ്ധതികളായി രൂപപ്പെട്ടിരിക്കുന്നു എന്നതാണ് ഖേദകരം .

ചരിത്രത്തിലെ പരിണാമസന്ധികളിൽ നിന്ന് ഏതെങ്കിലും ഒരു വരിയെടുത്ത് ദുർവ്യാഖ്യാനം ചെയ്ത് അതിൽ നിന്ന് തെറ്റായചരിത്രങ്ങൾനെയ്ത് ന്യൂനപക്ഷങ്ങൾക്കെതിരെ പ്രയോഗിക്കുന്ന രാഷ്ട്രീയം വ്യാപകമാക്കുന്നു.ഇതിനെ ചെറുക്കാനും ഇതിലടങ്ങിയ വിപത്ത് ചൂണ്ടിക്കാട്ടാനുംമതേരത്വവും പുരോഗമനവുമം അവകാശപ്പെടുന്ന കക്ഷികൾ പോലും തയ്യാറാക്കുന്നില്ല.ന്യൂനപക്ഷങ്ങളുന്നയിക്കുന്ന ആവശ്യങ്ങളുടെന്യായാന്യായങ്ങൾ പരിശോധിക്കുകപോലുംചെയ്യാതെ അവയത്രയുംരാഷ്ട്രവിരുദ്ധമാണെ ന്ന് പ്രഖ്യാപിക്കുകയും നീതിയാക്കിസമരത്തിനിറങ്ങിയവർക്കെതിരെ,സമരം നടത്താൻ വേണ്ടിഒരുതരം ദേശീയ കാർഡിറക്കുകയും ചെയ്യുന്നു.ഭരണഘടന വാഗ്ദത്തം ചെയ്തുതരുമോ.

**ഭവ്യ സന്തോഷ്**

